**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1825** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഈരാറ്റുപേട്ട ഡിപ്പോയിൽ സിവിൽ പ്രവർത്തികൾ സംബന്ധിച്ച് പുതിയ പദ്ധതികൾ നിലവിലില്ല. എന്നാൽ യാത്രാഫ്യൂവൽസ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്ന് കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്ന് കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം പരിഗണിച്ച് 09.00 മണി കൈപ്പള്ളി - തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്, 16.15 മണി പുള്ളിക്കാനം - കോട്ടയം സ്റ്റേ സർവ്വീസ് എന്നിവ പുനരാരംഭിച്ചിട്ടുണ്ട്. |
| (സി) | സമീപ പ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്ന പ്രധാനപ്പെട്ട ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേക്ക് നീട്ടി റൂട്ട് പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സാദ്ധ്യതാപഠനം നടത്തി പുനക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ